# Reinstall Grub in SGL & Ubuntu

## Using Super Grub Cds

ലിനക്സ് ഉപയോഗിക്കുന്ന  പലരും വിഷമത്തിലാകുന്ന ഘട്ടമാണല്ലോ ബൂട്ട് ലോഡർ മിസ്സിംഗ്   (grub error) . ഗ്രബ് നഷ്ടപ്പെട്ടാൽ ഗ്രബ് സി.ഡി. ഉപയോഗിച്ചും റെസ്ക്യൂ മോഡിലുമാണ്  (rescue mode) സാധാരണയായി നാം ഗ്രബ് പുനസ്ഥാപിക്കാറ്. എന്നാൽ പല ഘട്ടങ്ങളിലും പരിപൂർണ്ണവിജയത്തിലെത്താൻ നമുക്ക് സാധിക്കാറില്ല. ഇതിനൊരു പരിഹാരം തന്നെയാണ് സൂപ്പർ ഗ്രബ് സി.ഡി.കൾ. പലതരത്തിലുള്ള സൂപ്പർ ഗ്രബ് സി.ഡി. [http://www.google.co.in/search?q=supergrub&ie=utf-8&oe=utf-8&aq=t&rls=com.ubuntu:en-US:official&client=firefox-a](http://www.google.co.in/search?q=supergrub&ie=utf-8&oe=utf-8&aq=t&rls=com.ubuntu:en-US:official&client=firefox-a)  കളും ഇന്ന് നെറ്റിൽ സുലഭമാണ്. പലതിന്റെയും പ്രവർത്തനം പലതരത്തിലുമാണ്. താഴെ കാണുന്ന ലിങ്കിൽ നിന്നും  ഒരു സൂപ്പർ ഗ്രബ് സി.ഡി. ഡൌൺ ലോഡ് ചെയ്യാം.(348 KB Only)

[http://download.berlios.de/supergrub/sgd_cdrom_1.21.iso.gz](http://download.berlios.de/supergrub/sgd_cdrom_1.21.iso.gz)

ഡൌൺ ലോഡ് ചെയ്ത  sgd_cdrom_1.21.iso.gz എന്ന ഫയൽ  Extract ചെയ്താൽ sgd_cdrom_1.21.iso എന്ന ഇമേജ് ഫയൽ ലഭിക്കും . ഈ ഫയൽ right click-Write to Disc എന്ന രീതിയിൽ സി.ഡിയിലേക്ക് റൈറ്റ് ചെയ്താൽ സൂപ്പർ ഗ്രബ്  സി.ഡി. തയ്യാറായി.(Ubuntu 9.10 ൽ ഇങ്ങനെ റൈറ്റ്ക്ലിക്ക് ചെയത് സി.ഡി.യിലേക്ക് write ചെയ്യരുത്. പകരം Sound & Video-k3b,Accessories-CD/DVD Creator എന്നീ രീതിയിൽ Disc burning യൂട്ടിലിട്ടികൾ ഓപ്പൺ ചെയ്ത് സി.ഡി.write ചെയ്യുക)   റൈറ്റ് ചെയ്യാൻ നല്ല സി.ഡി.തന്നെ തിരഞ്ഞെടുക്കുക.

സാധാരണ ലഭിക്കുന്ന ഗ്രബ്  സി.ഡി. കൾ  Ext3 ഫയൽ സിസ്റ്റം വരെ   സപ്പോർട്ട് ചെയ്യുകയുള്ളൂ . എന്നാൽ ഈ സൂപ്പർ ഗ്രബ്  സി.ഡി.  Ext4 ഫയൽ സിസ്റ്റത്തിനും സപ്പോർട്ട് ആവുന്നു എന്നതാണ്  ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത.

ഗ്രബ് പുനഃസ്ഥാപിക്കുന്ന വിധം

സി.ഡി. ഡ്രൈവിലിട്ട് First Boot Device സി.ഡി.റോം ആക്കിയതിന് ശേഷം സിസ്റ്റം ബൂട്ട് ചെയ്യുക. ബൂട്ട് ചെയ്ത് വരുമ്പോൾ   കാണുന്ന മെനുവിൽ നിന്നും AUTO MAGIC BOOT എന്ന മെനുവിൽ എന്റർ ചെയ്യുമ്പോൾ സിസ്റ്റത്തിൽ നിലവിലുള്ള എല്ലാ OS കളും display ചെയ്യുന്നതായി കാണാം.ഇതിൽ നിന്നും ലിനക്സ് കേർണലിൽ എന്റർ ചെയ്ത്  root വഴി ലോഗിൻ ചെയ്യുക. അതിന് ശേഷം ടെർമിനൽ തുറന്ന് താഴെ പറയുന്ന command type ചെയ്ത് എന്റർ ചെയ്യുക.

grub-install /dev/sda

sda എന്നത് ഹാർഡ്  ഡിസ്ക് ടൈപ്പിനെ [http://debian.sreenadh.in/mount-partitions-in-a-gnulinux-system/](http://debian.sreenadh.in/mount-partitions-in-a-gnulinux-system/) കുറിക്കുന്നു.  ഇത് കണ്ടുപിടിക്കാൻ root terminal ൽ fdisk -l എന്ന command ടൈപ്പ് ചെയ്താൽ മതി.(ഉബുണ്ടുവാണെങ്കിൽ sudo fdisk -l)  sda  എന്ന സ്ഥലത്ത് സിസ്റ്റത്തിന്റെ  ഹാർഡ് ഡിസ്ക് ഏതാണോ അതാണ് ടൈപ്പ് ചെയ്യേണ്ടത്. ഗ്രബ് ഇൻസ്റ്റാൾ ആയതിന് ശേഷം സി.ഡി.,  ഡ്രൈവിൽ നിന്ന് പുറത്തെടുത്ത് സിസ്റ്റം റീബൂട്ട് ചെയ്യുക. ( ഫയൽ സിസ്റ്റം error ആണെങ്കിൽ ബൂട്ട് ലോഡർ ലഭിച്ചാലും OS ലേക്ക് പ്രവേശിക്കാൻ  സാധിക്കണമെന്നില്ല.)
സൂപ്പർ ഗ്രബ് സി.ഡി.യുടെ പുതിയ വേർഷൻ പുറത്തിറങ്ങി. .iso ഇമേജാണ്.(1.2 MB)
[http://download.berlios.de/supergrub/super_grub_disk_hybrid-1.98s1.iso](http://download.berlios.de/supergrub/super_grub_disk_hybrid-1.98s1.iso)

## Using Live Cds

എന്നാൽ ചില പുതിയ സിസ്റ്റങ്ങളിൽ ഈ സി.ഡി. ബൂട്ട് ആവാത്ത പ്രശ്നം കാണുന്നുണ്ട്. അത്തരം സിസ്റ്റങ്ങളിൽ ഏതെങ്കിലും live സി.ഡി. ഉപയോഗിച്ച് Grub റീ ഇൻസ്റ്റാൾ ചെയ്യാവുന്നതാണ്.( [https://help.ubuntu.com/community/Grub2](https://help.ubuntu.com/community/Grub2). Grub 2 ആണെങ്കിൽ ഈ മാർഗം പറ്റില്ല.)
വിശദവിവരങ്ങൾക്ക് [http://ubuntuforums.org/showthread.php?t=22435](http://ubuntuforums.org/showthread.php?t=22435)  ഇവിടെ ക്ലിക്ക് ചെയ്യുക.

## IT@School Ubuntu 9.10

Ubuntu 9.10 or 10.04 ൽ  ഗ്രബ്ബിന്റെ അപ്ഡേറ്റഡ് വേർഷനായ Grub2 [https://help.ubuntu.com/community/Grub2](https://help.ubuntu.com/community/Grub2) ആയത് കൊണ്ട് മുകളിൽ പറഞ്ഞ സൂപ്പർ ഗ്രബ് സി.ഡി. ഉപയോഗിക്കുകയോ താഴെയുള്ള രീതിയിൽ ഗ്രബ്ബ് ഇൻസ്റ്റാൾ ചെയ്യുന്നതാണ് അഭികാമ്യം. (ഗ്രബ് ഇൻസ്റ്റാൾ ചെയ്യാൻ പലരീതികളും നെറ്റിൽ സുലഭമാണെങ്കിലും താഴെയുള്ള മാർഗ്ഗം മിക്ക ലിനക്സിനും (SGL)

യോജിച്ചതായി കാണുന്നുണ്ട്.)
9.10 സി.ഡി. ഉപയോഗിച്ച് സിസ്റ്റം ബൂട്ട് ചെയ്യുക. ലൈവ് ആയി ബൂട്ട് ചെയ്ത് Desktop ലെത്തുക. ഇനി ഉബുണ്ടു/ഗ്രബ് നഷ്ടപ്പെട്ട Os ന്റെ റൂട്ട് പാർട്ടീഷ്യൻ ഏതെന്ന് മനസ്സിലാക്കുക. അതിനായി ടെർമിനൽ തുറന്ന് താഴെ പറയുന്ന കമാന്റ് ടൈപ്പ് ചെയ്യുക.
sudo fdisk -l
OR
sudo blkid

sudo fdisk -l എന്ന കമാന്റിന് താഴെയുള്ള രീതിയിൽ റിസൾട്ട് ലഭിക്കുന്നു.

```
/dev/sda1   *      1    1976   15872188+  c  W95 FAT32 (LBA)
/dev/sda2       1977    9729   62275972+  f  W95 Ext'd (LBA)
/dev/sda5       1977    3800   14651248+  b  W95 FAT32
/dev/sda6       3801    5546   14024713+  b  W95 FAT32
/dev/sda7       5547    5801    2048256   82  Linux swap / Solaris
/dev/sda8       5802    9729   31551628+  83  Linux
```

ഇതിൽ നിന്നും size ലൂടെ പാർട്ടീഷ്യൻ തിരിച്ചറിയാം. റൂട്ട് പാർട്ടീഷ്യൻ sda8 ആണെന്നിരിക്കട്ടെ.. ഈ പാർട്ടീഷ്യനെ ലൈവ് സി.ഡി യുടെ ഫയൽ സിസ്റ്റത്തിലെ mnt എന്ന ഫോൾഡറിലേക്ക് താഴെയുള്ള കമാന്റിലൂടെ മൗണ്ട് ചെയ്യിക്കുക.

sudo mount /dev/sda8 /mnt
ഫയൽ സിസ്റ്റത്തിലെ mnt എന്ന ഫോൾഡർ തുറന്ന് മൗണ്ട് ചെയ്തിരിക്കുന്നത് ശരിയായ പാർട്ടീഷ്യൻ തന്നെയാണോ എന്ന് ഉറപ്പ് വരുത്താവുന്നതാണ്. ഇനി ലൈവ് ഫയൽ സിസ്റ്റത്തിലെ dev,proc,sys എന്നിവയേയും താഴെയുള്ള കമാന്റിലൂടെ ഓരോന്നായി mnt എന്ന ഫോൾഡറിലേക്ക് മൗണ്ട് ചെയ്യിക്കാം.
sudo mount --bind /dev /mnt/dev
sudo mount --bind /proc /mnt/proc
sudo mount --bind /sys /mnt/sys

ഇപ്പോൾ mnt എന്ന ഫോൾഡറിൽ ഒരു ചെറിയ 'വിർച്ച്വൽ ഫയൽ സിസ്റ്റം' തയ്യാറായി. പ്രസ്തുത ഫയൽ സിസ്റ്റത്തിൽ അഡ്മിനിസ്ട്രേറ്റീവ് പ്രിവിലേജോടെ (chroot)പ്രവേശിക്കാൻ താഴെയുള്ള കമാന്റ് ഉപയോഗിക്കുക.
sudo chroot /mnt

ശേഷം ഗ്രബ് ഇൻസ്റ്റാൾ ചെയ്യാനായി താഴെയുള്ള കമാന്റ് ഉപയോഗിക്കാം.ഇവിടെ sudo ആവശ്യമില്ല.
grub-install --recheck /dev/sda

Ctrl+D അമർത്തി chroot നെ ക്ലോസ് ചെയ്യാം.ഇനി മൗണ്ട് ചെയ്ത എല്ലാ ഫോൾഡറുകളേയും unmount ചെയ്യിക്കാം.
sudo umount /mnt/dev
sudo umount /mnt/sys
sudo umount /mnt/proc
sudo umount /mnt
സിസ്റ്റം റീബൂട്ട് ചെയ്യുക.
sudo reboot
ഗ്രബ് പുനഃസ്ഥാപിച്ച് കഴിഞ്ഞാൽ സിസ്റ്റത്തിൽ ലോഗിൻ ചെയ്ത് ആവശ്യമെങ്കിൽ താഴെയുള്ള കമാന്റ് ഉപയോഗിച്ച് ഗ്രബ്ബിനെ അപ്ഡേറ്റ് ചെയ്യുക- (ഉബുണ്ടു ഇൻസ്റ്റാൾ ചെയ്തതിന് ശേഷം ഇൻസ്റ്റാൾ ചെയ്യുന്ന മറ്റ് OS കളെ ഉബുണ്ടുവിന്റെ ഗ്രബിൽ കൂട്ടിച്ചേർക്കണമെങ്കിൽ ഇങ്ങനെ ഗ്രബിനെ അപ്ഡേറ്റ് ചെയ്യണം.
sudo update-grub
sudo reboot
അവസാനം ഇൻസ്റ്റാള് ചെയ്യുന്ന ലിനക്സിന്റെ ഗ്രബ്ബ് ആണല്ലോ സിസ്റ്റത്തിന്റെ Default boot loader ആവുന്നത്. ഉബുണ്ടു ഇൻസ്റ്റാൾ ചെയ്തതിന് ശേഷം 3.0/3.2 ഇൻസ്റ്റാൾ ചെയ്താൽ പ്രസ്തുത ഗ്രബ് വഴി

ഉബുണ്ടുവിലേക്ക് ലോഗിൻ ചെയ്യാൻ പറ്റില്ല. അത്തരം സന്ദർഭങ്ങളിൽ ഉബുണ്ടുവിന്റെ ഗ്രബിനെ Default boot loader ആക്കുകയാണ് വേണ്ടത്. ശേഷം 3.2 വിനെ ഉബുണ്ടുവിന്റെ ഗ്രബിൽ കൂട്ടിച്ചേർക്കണമെങ്കിലും മുകളിൽ പറഞ്ഞരീതിയിൽ ഗ്രബ്ബിനെ update ചെയ്യണം.ഇവിടെയുള്ള കമാന്റുകൾ ഓർക്കാൻ വിഷമമുണ്ടെങ്കിൽ ലൈവ് സി.ഡി.യിലൂടെ നെറ്റ് ഉപയോഗിച്ച് കമാന്റുകൾ കോപ്പി ചെയ്ത് ടെർമിനലിൽ പേസ്റ്റ് ചെയ്താൽ മതി.

അവലംബം:
https://help.ubuntu.com/community/Grub2#Post-Restoration%20Commands
https://wiki.ubuntu.com/Grub2